**808**

ആശ്രിതവത്സലനേശു മഹേശനേ!
ശാശ്വതമേ തിരുനാമം

1 നിന്മുഖകാന്തി എന്നിൽ നീ ചിന്തി
കന്മഷമാകെയകറ്റിയെൻ നായകാ! നന്മ വളർത്തണമെന്നും-

2 പാവന ഹൃദയം ഏകുക സദയം
കേവലം ലോകസുഖങ്ങൾ വെടിഞ്ഞു ഞാൻ താവകതൃപ്പാദം ചേരാൻ-

3 അപകടം നിറയും ജീവിതമരുവിൽ
ആകുലമില്ല നിൻനന്മയെഴുമരികിൽ അഗതികൾക്കാശ്രയം തരികിൽ-

4 ക്ഷണികമാണുലകിൻ മഹിമകളറികിൽ
അനുദിനം നിൻപദത്താരിണ തിരയുകിൽ
അനന്തസന്തോഷമുടെ ാടുവിൽ-

5 വരുന്നു ഞാൻ തനിയേയെനിക്കു നീ മതിയേ
കരുണയിൻ കാതലേ വെടിയരുതഗതിയേ
തിരുകൃപ തരണമെൻ പതിയേ-

M.E.C.